തുറമുഖ പദ്ധതികൾ പൊതുമേഖലയിൽ

11 (*311) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. എ. ബേബി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ തുറമുഖ പദ്ധതികൾ പൊതുമേഖലയിൽ മാത്രമായിരിക്കണമെന്ന പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; രാജ്യത്തെ മുഴുവൻ തുറമുഖ പദ്ധതികളെയും സംബന്ധിച്ച് പഠിച്ചതിനുശേഷമാണ് ഇത്തരമൊരു തീരുമാനം കമ്മിറ്റി എടുത്തിട്ടുള്ളതെന്നറിയാമോ ;

(ബി) സംസ്ഥാനത്ത് പുതിയ തുറമുഖ പദ്ധതികളുടെ കാര്യത്തിൽ ഇത് ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) വിഴിഞ്ഞം പദ്ധതി പൊതുമേഖലയ്ക്ക് നൽകണമെന്ന നിലപാട് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സംസ്ഥാനത്ത് നിന്നുള്ള പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എടുത്തതെന്ന കാര്യം അറിയാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടുകളിൽ രാജ്യത്തെ തുറമുഖങ്ങൾ പൊതുമേഖലയിൽ മാത്രമായിരിക്കണമെന്ന തീരുമാനമോ ശിപാർശയോ ഉള്ളതായി കാണുന്നില്ല. രാജ്യത്തെ മുഴുവൻ തുറമുഖ പദ്ധതികളെയും സംബന്ധിച്ച് പഠിച്ചതിനുശേഷമാണോ ഇത്തരമൊരു തീരുമാനം കമ്മിറ്റി എടുത്തിട്ടുള്ളത് എന്ന വിവരം ലഭ്യമല്ല.

(ബി) പൊന്നാനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതി പി.പി.പി. മോഡലിലാണ് നടപ്പിലാക്കുന്നത്.

(സി) 28-4-2015-ൽ പാർലമെന്റിൽ സമർപ്പിച്ച 221-ാമത്തെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പതിനാറ് മീറ്റർ സ്വാഭാവിക ആഴമുള്ള വിഴിഞ്ഞം തുറമുഖം കേന്ദ്ര സഹായത്തോടെ വികസിപ്പിക്കണമെന്നും കബോട്ടാഷ് നിയമം വിഴിഞ്ഞം തുറമുഖത്തിനായി പുനഃപരിശോധിക്കാനും വേണ്ട പരിഹാര നടപടിക്രമങ്ങൾ ഉടനടിയെടുക്കാനും കമ്മിറ്റി ശിപാർശ ചെയ്യുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റിയിലുള്ള കേരള സംസ്ഥാനത്തെ പ്രതിനിധികൾ വിഴിഞ്ഞം പദ്ധതി പൊതുമേഖലയ്ക്ക് നൽകണമെന്ന നിലപാട് എടുത്തതായി പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly